Malayalam | മലയാളം

BreastScreen Victoria

# BreastScreen Victoria വിവര ഷീറ്റ്

### നിങ്ങളുടെ സ്ക്രീനിംഗിന് മുമ്പ്

- നിങ്ങളുടെ കുടുംബത്തിലെ കാൻസർ ചരിത്രം ചർച്ച ചെയ്യുക.
- ഒരു ടോപ്പും പാന്റോ പാവാടയോ ധരിക്കുക.

### നിങ്ങളുടെ സ്ക്രീനിംഗിൽ

- നിങ്ങൾ സ്വകാര്യമായി നിങ്ങളുടെ ടോപ്പ് മാറ്റേണ്ടിവരും; നിങ്ങൾക്ക് ഗൗൺ ധരിക്കണമെങ്കിൽ ചോദിക്കുക.
- എക്സ്-റേ ചിത്രങ്ങൾ എടുക്കുന്നതിനായി മഷീൻ നിങ്ങളുടെ സ്തനങ്ങളിൽ ശക്തമായി അമർത്തും.

### നിങ്ങളുടെ സ്ക്രീനിംഗിന് ശേഷം

- 2 മുതൽ 4 ആഴ്ചകൾക്കുള്ളിൽ ഞങ്ങൾ നിങ്ങളുടെ ഫലങ്ങൾ അയയ്ക്കും.
- നിങ്ങൾക്ക് കൂടുതൽ പരിശോധനകൾ ആവശ്യമുണ്ടെങ്കിൽ, തിരികെ വരാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടും.

### 2 വർഷത്തിന് ശേഷം

2 yrs

- ഓരോ 2 വർഷത്തിലും ബ്രെസ്റ്റ് സ്ക്രീൻ ചെയ്യാൻ ഞങ്ങൾ മിക്ക ആളുകളെയും ക്ഷണിക്കാറുണ്ട്.
- ബ്രെസ്റ്റ് സ്ക്രീനിംഗുകൾക്കിടയിൽ എന്തെങ്കിലും മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിങ്ങളുടെ ഡോക്ടറെ കാണുക.

## നിങ്ങളുടെ ബ്രെസ്റ്റ് സ്ക്രീനിംഗിന് മുമ്പ്

### ആരാണ് BreastScreen Victoria?

BreastScreen Victoria, BreastScreen Australia-യുടെ അംഗീകൃത ഭാഗമാണ് – സ്തനാർബുദത്തിനായുള്ള ദേശീയ സ്ക്രീനിംഗ് പ്രോഗ്രാം. 50 നും 74 നും ഇടയിൽ പ്രായമുള്ള വിക്ടോറിയയിലെ യോഗ്യരായവരെ ഓരോ 2 വർഷത്തിലും സൗജന്യ ബ്രെസ്റ്റ് സ്ക്രീൻ (മാമോഗ്രാം) ചെയ്യാൻ ഞങ്ങൾ ക്ഷണിക്കുന്നു. വിക്ടോറിയയിൽ ബ്രെസ്റ്റ് സ്ക്രീനിംഗ് നടത്തുന്നതിന് ഞങ്ങൾ പൊതു, സ്വകാര്യ ആരോഗ്യ സേവന ദാതാക്കളുമായി കരാർ ചെയ്യുന്നു.

### എന്താണ് ഒരു ബ്രെസ്റ്റ് സ്ക്രീൻ?

ബ്രെസ്റ്റ് സ്ക്രീൻ എന്നത് സ്തനത്തിന്റെ കുറഞ്ഞ ഡോസിലുള്ള എക്സ്-റേ ആണ്, 50 മുതൽ 74 വയസ്സുവരെ ഓരോ 2 വർഷത്തിലും ഇത് ശുപാർശ ചെയ്യുന്നു. BreastScreen Victoria യിൽ, ഞങ്ങൾ സാധാരണയായി ഓരോ സ്തനത്തിന്റെയും രണ്ട് എക്സ്-റേ ചിത്രങ്ങൾ എടുക്കും - ഒന്ന് മുകളിൽ നിന്നും ഒന്ന് വശത്തുനിന്നും. സ്പർശിച്ചാൽ അറിയാൻ കഴിയാത്തത്ര ചെറിയ കാൻസറുകൾ പോലും ബ്രെസ്റ്റ് സ്ക്രീനിലൂടെ കണ്ടെത്താൻ കഴിയും. എത്രയും പെട്ടെന്ന് കാൻസർ കണ്ടെത്തുന്നോ, അത്രയും വിജയകരമായിരിക്കും ചികിത്സ.

### ബ്രെസ്റ്റ് സ്ക്രീനുകൾ സുരക്ഷിതമാണോ?

ഓരോ തവണ നിങ്ങൾ ബ്രെസ്റ്റ് സ്ക്രീൻ ചെയ്യുമ്പോഴും, നിങ്ങളുടെ സ്തനങ്ങൾ വളരെ ചെറിയ അളവിലുള്ള റേഡിയേഷന് വിധേയമാകുന്നു. കാൻസർ നേരത്തേ കണ്ടെത്തുന്നതിലൂടെയുള്ള പ്രയോജനങ്ങൾ റേഡിയേഷൻ അപകടസാധ്യതകളെക്കാൾ കൂടുതലാണെന്ന് ഗവേഷണങ്ങൾ കാണിക്കുന്നു.

### എന്റെ സ്തനങ്ങളിൽ മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എന്തുചെയ്യും?

നിങ്ങളുടെ സ്തനങ്ങളുടെ സാധാരണ രൂപവും ഭാവവും മനസ്സിലാക്കുന്നത് പ്രധാനമാണ്. നിങ്ങളുടെ സ്തനങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ, ഉദാഹരണത്തിന് ഒരു പുതിയ മുഴ, മുലഞെട്ടിൽ നിന്നുള്ള ഡിസ്ചാർജ് അല്ലെങ്കിൽ ചുവപ്പ്, എത്രയും പെട്ടെന്ന് നിങ്ങളുടെ ഡോക്ടറെ കാണുക. ദയവായി BreastScreen Victoria സന്ദർശിക്കരുത്.

### എന്റെ മുൻകാല ബ്രെസ്റ്റ് എക്സ്-റേ ചിത്രങ്ങൾ കൊണ്ടുവരേണ്ടതുണ്ടോ?

നിങ്ങൾ മുമ്പ് ബ്രെസ്റ്റ് സ്ക്രീൻ ചെയ്തിട്ടുണ്ടെങ്കിൽ – BreastScreen Victoria വഴിയോ ഒരു സ്വകാര്യ ദാതാവ് വഴിയോ – താരതമ്യത്തിനായി നിങ്ങളുടെ മുൻകാല ബ്രെസ്റ്റ് എക്സ്-റേ ചിത്രങ്ങളുടെ ഒരു പകർപ്പ് ഞങ്ങളുടെ പക്കൽ ഉണ്ടായിരിക്കേണ്ടത് പ്രധാനമാണ്. ഇത് നിങ്ങളുടെ ബ്രെസ്റ്റ് സ്ക്രീൻ ഫലത്തിന്റെ കൃത്യത മെച്ചപ്പെടുത്തും.

നിങ്ങളുടെ അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്തപ്പോൾ, നിങ്ങളുടെ അവസാനത്തെ മാമോഗ്രാം BreastScreen Victoria യിലാണോ ചെയ്തതെന്ന് ഞങ്ങൾ ചോദിച്ചിരുന്നു.

നിങ്ങൾ അതെ എന്ന് മറുപടി നൽകിയെങ്കിൽ, നിങ്ങളുടെ സമ്മതത്തോടെ നിങ്ങളുടെ എക്സ്-റേ ചിത്രങ്ങൾ ഇലക്ട്രോണിക് ആയി അയച്ചാല് മതിയെന്ന് ഞങ്ങൾ പറഞ്ഞിരുന്നു. അല്ലെങ്കിൽ, നിങ്ങളുടെ അപ്പോയിന്റ്മെന്റ് സമയത്ത് നിങ്ങളുടെ എക്സ്-റേ ചിത്രങ്ങൾ കൊണ്ടുവരണമെന്ന് ഞങ്ങള് പറഞ്ഞിരുന്നു.

### എന്റെ കുടുംബ ചരിത്രം പങ്കിടേണ്ടതുണ്ടോ?

നിങ്ങളുടെ സ്തന, അണ്ഡാശയ കാൻസറിനെക്കുറിച്ചുള്ള കുടുംബ ചരിത്രത്തെക്കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിക്കുന്നത് മികച്ച പരിചരണം നൽകുന്നതിനാണ്. സ്തനാർബുദം വരാനുള്ള നിങ്ങളുടെ വ്യക്തിപരമായ അപകടസാധ്യത കണക്കാക്കാൻ ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു.

നിങ്ങളുടെ രജിസ്ട്രേഷൻ ഫോം പൂരിപ്പിക്കുന്നതിന് മുമ്പ്, ദയവായി നിങ്ങളുടെ കുടുംബ ചരിത്രത്തെക്കുറിച്ച് കുടുംബാംഗങ്ങളുമായി സംസാരിക്കുക. കൂടുതൽ വിവരങ്ങൾക്ക്, breastscreen.org.au/family-history സന്ദർശിക്കുക.

### എനിക്ക് ബ്രെസ്റ്റ് ഇംപ്ലാന്റുകൾ ഉണ്ടെങ്കിൽ എന്തുചെയ്യും?

ഇംപ്ലാന്റുകളുള്ള മിക്ക ആളുകൾക്കും ബ്രെസ്റ്റ് സ്ക്രീൻ ചെയ്യാൻ കഴിയും. ദയവായി breastscreen.org.au/resources/community എന്നതിലെ *'ബ്രെസ്റ്റ് സ്ക്രീനിംഗ് വിത്ത് ഇംപ്ലാന്റ്സ്'* എന്ന ഫാക്റ്റ് ഷീറ്റ് വായിക്കുക.

നിങ്ങളുടെ ഇംപ്ലാന്റുകളിലെ പ്രശ്നങ്ങളെക്കുറിച്ച് ഞങ്ങൾ നിങ്ങളെ ഉപദേശിക്കില്ല. നിങ്ങളുടെ ഇംപ്ലാന്റുകളെക്കുറിച്ച് എന്തെങ്കിലും പ്രശ്നമോ ആശങ്കയോ ശ്രദ്ധയിൽപ്പെട്ടാൽ, ദയവായി എത്രയും പെട്ടെന്ന് നിങ്ങളുടെ ഡോക്ടറെ കാണുക.

### എന്റെ അപ്പോയിന്റ്മെന്റിന് ഞാൻ എന്ത് ധരിക്കണം?

നിങ്ങളുടെ അപ്പോയിന്റ്മെന്റിനായി ഒരു പാവാടയോ പാന്റോ ടോപ്പോ ധരിക്കാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു. ബ്രെസ്റ്റ് സ്ക്രീനിനായി നിങ്ങളുടെ ടോപ്പ് എളുപ്പത്തിൽ ഊരിമാറ്റാൻ ഇത് നിങ്ങളെ അനുവദിക്കും. ദയവായി കുറഞ്ഞ ആഭരണങ്ങൾ ധരിക്കുക. നിങ്ങൾക്ക് നീളമുള്ള മുടിയുണ്ടെങ്കിൽ, ദയവായി ഒരു ഹെയർ ടൈ കൊണ്ടുവരുക അല്ലെങ്കിൽ മുടി കെട്ടിവയ്ക്കുക.

### എന്റെ ബ്രെസ്റ്റ് സ്ക്രീനിന് ശേഷം ഉടൻ യാത്ര ചെയ്യാൻ ഞാൻ പദ്ധതിയിടുകയാണെങ്കിൽ എന്തുചെയ്യും?

നിങ്ങളുടെ ബ്രെസ്റ്റ് സ്ക്രീൻ ഫലങ്ങൾ നിങ്ങൾക്ക് അയയ്ക്കുന്നതിന് മുമ്പ് രണ്ടോ അതിലധികമോ പ്രത്യേകം പരിശീലനം ലഭിച്ച ആരോഗ്യ പ്രൊഫഷണലുകൾ അവലോകനം ചെയ്യും. ഈ പ്രക്രിയയ്ക്ക് ഏകദേശം 2 മുതൽ 4 ആഴ്ച വരെ എടുത്തേക്കാം. അതിനാൽ, നിങ്ങളുടെ ബ്രെസ്റ്റ് സ്ക്രീൻ അപ്പോയിന്റ്മെന്റിനും ഏതെങ്കിലും യാത്രയ്ക്കും ഇടയിൽ 4 മുതൽ 6 ആഴ്ച വരെ അനുവദിക്കാൻ ഞങ്ങൾ ശക്തമായി ശുപാർശ ചെയ്യുന്നു. നിങ്ങളുടെ ബ്രെസ്റ്റ് സ്ക്രീനിന് 4 മുതൽ 6 ആഴ്ചയ്ക്കുള്ളിൽ യാത്ര ചെയ്യാൻ നിങ്ങൾ പദ്ധതിയിടുന്നുണ്ടെങ്കിൽ ദയവായി നിങ്ങളുടെ റിസപ്ഷനിസ്റ്റിനെയോ റേഡിയോഗ്രാഫറെയോ അറിയിക്കുക.



അടുത്ത പേജ് →

## നിങ്ങളുടെ ബ്രെസ്റ്റ് സ്ക്രീനിംഗിൽ

### എന്റെ അപ്പോയിന്റ്മെന്റിൽ എന്ത് സംഭവിക്കും?

ബ്രെസ്റ്റ് സ്ക്രീനിംഗ് പ്രക്രിയ വിശദീകരിക്കുന്ന ഞങ്ങളുടെ ടീമിലെ ഒരംഗം നിങ്ങളെ സ്വാഗതം ചെയ്യും. ഒരു വനിതാ റേഡിയോഗ്രാഫർ നിങ്ങളെ മാമോഗ്രാഫി റൂമിലേക്ക് കൊണ്ടുപോകും. നിങ്ങൾക്ക് ഗൗൺ വേണമെങ്കിൽ ചോദിക്കുക. നിങ്ങൾ തയ്യാറാകുമ്പോൾ, റേഡിയോഗ്രാഫർ ഓരോ സ്തനത്തിന്റെയും കുറഞ്ഞത് രണ്ട് എക്സ്-റേ ചിത്രങ്ങളെങ്കിലും എടുക്കും. ഈ പ്രക്രിയയ്ക്ക് ഏകദേശം 10 മിനിറ്റ് എടുക്കും.

### എനിക്ക് റേഡിയോഗ്രാഫറുമായി സംസാരിക്കാൻ കഴിയുമോ?

നിങ്ങൾക്ക് റേഡിയോഗ്രാഫറുമായി സംസാരിക്കാൻ സ്വാഗതം. നിങ്ങളുടെ ഏത് ചോദ്യങ്ങൾക്കും ഉത്തരം നൽകാനോ ആശങ്കകൾ പരിഹരിക്കാനോ അവർ തയ്യാറായിരിക്കും.

### ബ്രെസ്റ്റ് സ്ക്രീൻ വേദനിപ്പിക്കുമോ?

നിങ്ങളുടെ ബ്രെസ്റ്റ് സ്ക്രീനിനിടെ അസ്വസ്ഥത അനുഭവപ്പെടുന്നത് സാധാരണമാണ്, പക്ഷേ ഇത് കുറച്ച് നിമിഷങ്ങൾ മാത്രമേ നീണ്ടുനിൽക്കൂ. വ്യക്തമായ എക്സ്-റേ ചിത്രങ്ങൾ എടുക്കാൻ മാമോഗ്രാം മെഷീനിലെ രണ്ട് പ്ലേറ്റുകൾക്കിടയിൽ നിങ്ങളുടെ സ്തനങ്ങൾ ശക്തമായി അമർത്തേണ്ടിവരുന്നതുകൊണ്ടാണിത്. നിങ്ങൾക്ക് എന്തെങ്കിലും വേദന അനുഭവപ്പെടുകയാണെങ്കിൽ ദയവായി നിങ്ങളുടെ റേഡിയോഗ്രാഫറെ അറിയിക്കുക. നിങ്ങളുടെ ബ്രെസ്റ്റ് സ്ക്രീൻ കഴിയുന്നത്ര സൗകര്യപ്രദമാക്കാൻ അവർ നിങ്ങളോടൊപ്പം പ്രവർത്തിക്കും. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ബ്രെസ്റ്റ് സ്ക്രീൻ നിർത്താൻ ആവശ്യപ്പെടാം.

### നിങ്ങൾക്ക് എന്റെ സ്തനങ്ങൾ അമർത്തേണ്ടിവരുമോ?

ഒരു ബ്രെസ്റ്റ് സ്ക്രീനിനിടെ നിങ്ങളുടെ സ്തനങ്ങൾ അമർത്തേണ്ടതിന്റെ നിരവധി പ്രധാന കാരണങ്ങളുണ്ട്. വ്യക്തമായ എക്സ്-റേ ചിത്രങ്ങൾ എടുക്കാൻ കഴിയുന്ന തരത്തിൽ സ്തനങ്ങളെ നിശ്ചലമായി നിർത്തുകയും ചലനം കുറയ്ക്കുകയും സ്തനകലകളെ പരത്തുകയും വേർതിരിക്കുകയും ചെയ്യുന്നു. ഓരോ എക്സ്-റേ ചിത്രത്തിനും ആവശ്യമായ റേഡിയേഷന്റെ അളവും ഇത് കുറയ്ക്കുന്നു.

## നിങ്ങളുടെ ബ്രെസ്റ്റ് സ്ക്രീനിംഗിന് ശേഷം

### എനിക്ക് എപ്പോൾ ഫലങ്ങൾ ലഭിക്കും?

നിങ്ങളുടെ ബ്രെസ്റ്റ് എക്സ്-റേ ചിത്രങ്ങൾ രണ്ടോ അതിലധികമോ പരിശീലനം ലഭിച്ച ആരോഗ്യ പ്രൊഫഷണലുകൾ സ്വതന്ത്രമായി അവലോകനം ചെയ്യും. നിങ്ങളുടെ ഫലങ്ങൾ ഏകദേശം 2 മുതൽ 4 ആഴ്ചയ്ക്കുള്ളിൽ നിങ്ങൾക്ക് അയയ്ക്കും. നിങ്ങൾ അവരുടെ വിശദാംശങ്ങൾ നൽകിയാൽ അവ നിങ്ങളുടെ ഡോക്ടർക്കും അയയ്ക്കും.

### കൂടുതൽ പരിശോധനകൾക്കായി എന്നെ തിരികെ വിളിക്കുമോ?

നിങ്ങളുടെ ബ്രെസ്റ്റ് എക്സ്-റേ ചിത്രങ്ങളിൽ കൂടുതൽ അന്വേഷണം ആവശ്യമുള്ള ഒരു ഭാഗമുണ്ടെങ്കിൽ കൂടുതൽ പരിശോധനകൾക്കായി BreastScreen Victoriaലേക്ക് തിരികെ വരാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം. BreastScreen Victoriaലേക്ക് തിരികെ വിളിക്കപ്പെടുന്ന മിക്ക കക്ഷികൾക്കും സ്തനാർബുദം ഉണ്ടാകില്ല. ഇത് നിങ്ങളുടെ ആദ്യത്തെ ബ്രെസ്റ്റ് സ്ക്രീൻ ആണെങ്കിൽ, താരതമ്യത്തിനായി റെക്കോർഡിൽ എക്സ്-റേ ചിത്രങ്ങൾ ഇല്ലാത്തതിനാൽ നിങ്ങളെ തിരികെ വിളിക്കാൻ സാധ്യത കൂടുതലാണ്.

### കൂടുതൽ പരിശോധനകൾക്കായി ഞാൻ എവിടെ പോകേണ്ടിവരും?

കൂടുതൽ പരിശോധനകൾ നിങ്ങളുടെ പ്രാരംഭ ബ്രെസ്റ്റ് സ്ക്രീൻ അപ്പോയിന്റ്മെന്റ് സ്ഥലത്ത് നിന്ന് വ്യത്യസ്തമായ ഒരു സ്ഥലത്ത് നടത്തിയേക്കാം. ആവശ്യമായ ഏതെങ്കിലും അധിക പരിശോധനകൾ നടത്താൻ സാങ്കേതികവിദ്യ ഉപയോഗിച്ച് സജ്ജീകരിച്ചിട്ടുള്ള സംസ്ഥാനത്തുടനീളം ഞങ്ങൾക്ക് പ്രത്യേക വിലയിരുത്തൽ ക്ലിനിക്കുകൾ ഉണ്ട്.

### ഒരു ബ്രെസ്റ്റ് സ്ക്രീൻ എല്ലാ കാൻസറുകളും കണ്ടെത്തുമോ?

സ്തനാർബുദം പ്രാരംഭ ഘട്ടത്തിൽ കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗ്ഗം ബ്രെസ്റ്റ് സ്ക്രീനുകളാണ്. എന്നിരുന്നാലും, അവ 100% കൃത്യമല്ല. സ്തനാർബുദം ഉണ്ടെങ്കിൽ പോലും ബ്രെസ്റ്റ് എക്സ്-റേ ചിത്രങ്ങളില് അവ കാണാതിരിക്കാന് ചെറിയ സാധ്യതയുണ്ട്.

## 2 വർഷത്തിന് ശേഷം

### എന്റെ അടുത്ത ബ്രെസ്റ്റ് സ്ക്രീനിന്റെ സമയം ആകുമ്പോൾ എന്ത് സംഭവിക്കും?

50 നും 74 നും ഇടയിൽ പ്രായമുള്ളവർ ഓരോ 2 വർഷത്തിലും ബ്രെസ്റ്റ് സ്ക്രീൻ ചെയ്യുന്നത് സ്തനാർബുദം നേരത്തേ കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ്. നിങ്ങളുടെ അടുത്ത ബ്രെസ്റ്റ് സ്ക്രീനിന്റെ സമയം ആകുമ്പോൾ ഞങ്ങൾ നിങ്ങൾക്ക് ഒരു ഓർമ്മപ്പെടുത്തൽ കത്ത് അയയ്ക്കും. നിങ്ങൾക്ക് 40 നും 49 നും ഇടയിലോ 74 ന് മുകളിലോ പ്രായമുണ്ടെങ്കിൽ സ്ക്രീൻ ചെയ്യാൻ യോഗ്യതയുണ്ടെങ്കിൽ, നിങ്ങൾക്ക് ഒരു ഓർമ്മപ്പെടുത്തൽ കത്ത് ലഭിക്കില്ല, പക്ഷേ നിങ്ങൾക്ക് ഓരോ 2 വർഷത്തിലും ഒരു ബ്രെസ്റ്റ് സ്ക്രീൻ ബുക്ക് ചെയ്യാം.

### ബ്രെസ്റ്റ് സ്ക്രീനുകൾക്കിടയിൽ ഞാൻ എന്തുചെയ്യണം?

സ്തനാർബുദം എപ്പോൾ വേണമെങ്കിലും ഉണ്ടാകാം. നിങ്ങൾ ഓരോ 2 വർഷത്തിലും ബ്രെസ്റ്റ് സ്ക്രീൻ ചെയ്താലും, സ്തനങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കേണ്ടത് പ്രധാനമാണ്. നിങ്ങളുടെ സ്തനങ്ങളുടെ സാധാരണ രൂപവും ഭാവവും മനസ്സിലാക്കാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു. നിങ്ങളുടെ സ്തനങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ, ഉദാഹരണത്തിന് ഒരു പുതിയ മുഴ, മുലഞെട്ടിൽ നിന്നുള്ള ഡിസ്ചാർജ് അല്ലെങ്കിൽ ചുവപ്പ്, എത്രയും പെട്ടെന്ന് നിങ്ങളുടെ ഡോക്ടറെ കാണുക.

## നിങ്ങളുടെ സ്വകാര്യത

BreastScreen Victoria യിൽ, നിങ്ങൾ നൽകുന്ന വിവരങ്ങളും നിങ്ങളുടെ പരിശോധനാ ഫലങ്ങളും സ്തനാർബുദത്തിനായുള്ള സ്ക്രീനിംഗിനും നിങ്ങൾ അടുത്തതായി സ്ക്രീൻ ചെയ്യേണ്ടിവരുമ്പോൾ ഓർമ്മപ്പെടുത്തലുകൾ അയക്കുന്നതിനും ഞങ്ങൾ ഉപയോഗിക്കുന്നു. അംഗീകൃത ആളുകൾക്ക് മാത്രമേ നിങ്ങളുടെ വിവരങ്ങള് അറിയാന് സാധിക്കൂ. നിങ്ങളുടെ സമ്മതത്തോടെയോ നിയമപ്രകാരം ഞങ്ങൾ ബാധ്യസ്ഥരാകുമ്പോഴോ മാത്രമേ നിങ്ങളെ തിരിച്ചറിയുന്ന വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുകയോ പുറത്തുവിടുകയോ ചെയ്യുകയുള്ളൂ. ഗവേഷണത്തിനായി നിങ്ങളെ സംബന്ധിക്കുന്ന വിവരങ്ങള് ധാർമ്മികമൂല്യങ്ങള് പരിഗണിച്ച് മാത്രമേ നൽകൂ. breastscreen.org.au/privacy സന്ദർശിക്കുക.

ഞങ്ങളെ ബന്ധപ്പെടുക: ഇമെയിൽ: info@breastscreen.org.au വിളിക്കുക: 13 20 50.

**ബുക്ക് ചെയ്യാന് breastscreen.org.au അല്ലെങ്കില് വിളിക്കുക 13 20 50**

കേൾവിക്കുറവോ സംസാര വൈകല്യമോ ഉള്ളവർക്ക്: **TTY 13 36 77**

കൂടുതൽ വിവരങ്ങൾക്കോ നിങ്ങളുടെ വിശദാംശങ്ങൾ മാറ്റുന്നതിനോ, **breastscreen.org.au** സന്ദർശിക്കുക അല്ലെങ്കിൽ **13 20 50** എന്ന നമ്പറിൽ വിളിക്കുക

വിവർത്തക സഹായത്തിനായി, വിളിക്കുക **13 14 50**

വിവർത്തനം ചെയ്ത വിവരങ്ങൾ: **breastscreen.org.au/translations**

VICTORIA State Government

BreastScreen Victoria വിക്ടോറിയൻ ഗവൺമെന്റിന്റെ പിന്തുണ അംഗീകരിക്കുന്നു.


© 2023 BreastScreen Victoria. എല്ലാ അവകാശങ്ങളും നിക്ഷിപ്തം
ഏപ്രില് 2023 FS10/0423